ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച ലാഭം

567 [604] ശ്രീ. വി. വി. ജോസഫ്:

,, പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാഗ്യക്കുറിയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിനുണ്ടായ ലാഭം എത്ര?

ഉത്തരം

1985–86 സാമ്പത്തിക വർഷം 4,45,43,870 രൂപ (നാലുകോടി, നാൽപ്പത്തിയഞ്ചു ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി എണ്ണൂറ്റി എഴുപതു രൂപ) അറ്റാദായം ലഭിച്ചിട്ടുണ്ട്.

ലോട്ടറി ടിക്കറ്റിന്റെ വിൽപ്പന

568 [605] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ ലോട്ടറി ടിക്കറ്റിന് വിൽപ്പന നികുതി ഏർപ്പെടുത്തിയതുമൂലം ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു;

(ബി) ലോട്ടറി നികുതി പിൻവലിച്ചതുമൂലം സംസ്ഥാനത്തിന് വരുന്ന കമ്മി ഏത് ഇനത്തിൽ നികത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) വിഷു ബംബർ നറുക്കെടുപ്പിൽ വന്ന നഷ്ടം എത്രയാണ്;

(ഡി) അതിനുശേഷം നടന്ന നറുക്കെടുപ്പിൽ വന്ന നഷ്ടം എത്രയാണ്;

(ഇ) സാധാരണ ഒരു നറുക്കെടുപ്പിൽ എത്ര ലക്ഷം ഉറ്റുപ്പിക യുടെ ടിക്കറ്റുകളാണ് വിൽപ്പന നടത്താറ്;

(എഫ്) ഒരു നറുക്കെടുപ്പ് കഴിഞ്ഞാൽ എത്ര സംഖ്യ ശരാശരി ലാഭം കിട്ടാറുണ്ട്;

(ജി) ലോട്ടറി ലാഭകരമാക്കാൻ കൂടുതൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) ലോട്ടറി ടിക്കറ്റിന് വിൽപ്പന നികുതി ഏർപ്പെടുത്തി യതുമൂലം ഈ വർഷം ബഡ്ജറ്റിൽ അഞ്ചു കോടി രൂപയുടെ അധിക വരുമാനമായിരുന്നു പ്രതീക്ഷിച്ചത്.

(ബി) ഭാഗ്യക്കുറിയുടെ സമ്മാന ഘടനയിൽ ആകർഷകമായ പരിഷ്കാരങ്ങൾ വരുത്തിയും കൂടുതൽ ബംബർ നറുക്കെടുപ്പുകൾ നടത്തിയും കമ്മി നികത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly